**കേരള സർക്കാർ**

നം.7561/ഡിബി2/12/തസ്വഭവ

തദ്ദേശസ്വയംഭരണ [ഡിബി]വകുപ്പ്
തിരുവനന്തപുരം, തീയതി : 8/3/2012

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ്: - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന: 1. 15/7/06-ലെ തദ്ദേശ സ്വയംഭരണ[കെ] വകുപ്പിന്റെ 15289/കെ1/05/തസ്വഭവ നമ്പർ സർക്കുലർ.

2. പഞ്ചായത്ത് ഡയറക്ടറുടെ 23/11/11-ലെ ജി1-31969/11 നമ്പർ കത്ത്.

3. കൺസ്യൂമർഫെഡ് പ്രസിഡന്റിന്റെ 9/1/12-ലെ ഡി.ഒ നം.എഫ്.സി/വി.ഐ.പി/012 നമ്പർ കത്ത്.

കേരള പഞ്ചായത്തി രാജ്/മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം തങ്ങളുടെ പ്രദേശത്തെ ജനങ്ങൾക്ക് പൊതുവിതരണവുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുക എന്നത് ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും കർത്തവ്യമാണ്. പ്രസ്തുത കർത്തവ്യം നിറവേറ്റുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് മാവേലി സ്റ്റോർ തുടങ്ങുന്നതിന് സൂചന സർക്കുലർ പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇപ്പോൾ പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന കൺസ്യൂമർ ഫെഡിന്റെ സംരംഭങ്ങളായ ലിറ്റിൽ/മിനി ത്രിവേണി സ്റ്റോറുകൾ, നന്മ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ ഇവ തുടങ്ങുന്നതിന് സൗജന്യമായി കൺസ്യൂമർ ഫെഡിന് സ്ഥലം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കണമെന്ന് സൂചന [2] പ്രകാരം കൺസ്യൂമർ ഫെഡ് പ്രസിഡന്റും വിവിധ ഗ്രാമപഞ്ചായത്തുകളും അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വിഭവശേഷിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൺസ്യൂമർ ഫെഡിന്റെ, പൊതുജനങ്ങൾക്ക് ഉപകാരപ്രദമായുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആദ്യ രണ്ട് വർഷത്തേയ്ക്ക് മാത്രം, ടി സ്ഥാപനങ്ങളുടെ നിയമാവലി അനുസരിച്ച് സ്വന്തം സ്ഥലം സൗജന്യമായും സ്ഥലമില്ലാത്ത പക്ഷം ഉചിതമായ സ്ഥലം വാടകയ്ക്കെടുത്തും നൽകാവുന്നതാണ്. ആയതിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം കൺസ്യൂമർ ഫെഡിന്റെ മേൽ വിവരിച്ച സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ആദ്യ രണ്ടു വർഷത്തെ വാടക തനത്/പൊതു ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്.

2. കടമുറികളുടെ വിസ്തീർണ്ണം കൺസ്യൂമർ ഫെഡിന് നിശ്ചയിക്കാവുന്നതും എന്നാൽ പരമാവധി ൪൦൦ ച.അടി മാത്രമായിരിക്കുന്നതുമാണ്.

3. വാടക പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ മാത്രം നൽകാവുന്നതാണ്.

4. മേൽ നിർദ്ദേശങ്ങളിൽ എന്തെങ്കിലും വ്യതിചലനമുണ്ടാകുന്ന പക്ഷം ആയത് സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്, കൊച്ചി
സെക്രട്ടറി, ജില്ലാപഞ്ചായത്ത്
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [ആഡിറ്റ് /എ - ഇ] തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം[തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി]
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: തദ്ദേശസ്വയംഭരണ [പഞ്ചായത്ത്] വകുപ്പ് മന്ത്രിയുടെ പി.എ
തദ്ദേശസ്വയംഭരണ [നഗരകാര്യ] വകുപ്പ് മന്ത്രിയുടെ പി.എ
സഹകരണ വകുപ്പ് മന്ത്രിയുടെ പി.എ